മരാമത്തുവകുപ്പുമന്ത്രി (ശ്രീ. ഇ .കെ. വേലായുധൻ) :

(എ) ഇല്ല.

(ബി) ഒക്ടോബർമാസം അവസാനത്തേക്ക് കമ്മീഷന്റെ റിപ്പോർട്ട് പ്രതീക്ഷിക്കുന്നു.

(സി) 4 (നാല്) മാസം.

സാംക്രമിക രോഗങ്ങൾ.

* 235. [51] ശ്രീ. പി. കെ. ചാത്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം സംസ്ഥാനത്തിൽ ഏതിടങ്ങളിലെല്ലാം സാംക്രമികരോഗങ്ങൾ പിടിപെടുകയുണ്ടായിട്ടുണ്ട് ;

(ബി) രക്ഷാതിസാരം പിടിപെട്ട സ്ഥലങ്ങളിൽ എന്തെല്ലാം നിവാരണനടപടികൾ കൈക്കൊണ്ടിട്ടുണ്ട് ;

(സി) എത്ര പേർക്ക് ഈ രോഗം ബാധിച്ചുവെന്നും, എത്ര മരണങ്ങൾ സംഭവിച്ചുവെന്നും പറയുമോ ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) പ്രസ്തുത സ്ഥലങ്ങളുടെ ഒരു †ലിസ്റ്റ് മേശപ്പുറത്തുവച്ചിട്ടുണ്ട്.

(ബി) ജലശുചീകരണം, അണുനശീകരണം, ഔഷധവിതരണം എന്നീ നിവാരണനടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(സി) 1955 ജൂലൈമാസാവസാനംവരെ എത്രപേർക്ക് രക്ഷാതിസാരം പിടിപെട്ട എന്നറിവില്ല. പ്രസ്തുത സുഖക്കേടുനിമിത്തം 1157 പേർ മരിച്ചിട്ടുണ്ട്.

വേനനിർമ്മാണവും കുടിപാർപ്പും.

* 236. [52] ശ്രീ. സി. സി. അയ്യപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

ഇക്കൊല്ലം അവശസമുദായക്കാർക്കുവേണ്ടി എവിടെയെല്ലാം ഹൗസിംഗ് ആൻഡ് സെറ്റിൽമെൻറ് സ്കീം അനുവദിച്ചിട്ടുണ്ട് ; ഓരോ സ്ഥലത്തും എത്ര വീടുകൾ വീതമാണ് അനുവദിച്ചിട്ടുള്ളത് ; ആകെ ഈ ഇനത്തിൽ എത്ര രൂപ ചെലവുവരും ?

തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(ഉള്ളൂടാകാളനി) ചേത്തല, (കുളക്കടകാളനി) കൊട്ടാരക്കര, (എസ്. എം. പി. കാളനി) തുമ്പൂണിത്തുറ (വെട്ടിക്കവല കാളനി) കൊട്ടാരക്കര, (കരിഞ്ചാൻകോട്ട കാളനി) എന്നീ അഞ്ചു കാളനികളിലാണ് വീടുകൾ അനുവദിച്ചിട്ടുള്ളത്.

കരിഞ്ചാൻകോട്ട കാളനിയിൽ പത്തു വീടുകളും, മറ്റുള്ള കാളനികളിൽ എട്ടു വീടുകൾ വീതവുമാണ് അനുവദിച്ചിട്ടുള്ളത്.

ആകെ മേൽപ്പറഞ്ഞ വീടുകൾക്ക് 97,010 രൂപ ചെലവുവരും.

† Please see Appendix.

LIBRARY ARCHIVES Kerala Legislative Assembly